പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3083 — 19-06-2018-ലെ മറുപടിയ്ക്ക്

# കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ. ശശി** | | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| **(എ)** | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വരൾച്ചയും, ജലദൗർലഭ്യവും മൂലം എത്ര ഹെക്ടർ ഭൂമിയിൽ കൃഷി നശിച്ചു; എത്ര തുകയുടെ നഷ്ടം ഇതുമൂലമുണ്ടായി; ഏതെല്ലാം മേഖലയിൽ കർഷകരെ ഇത് ബാധിച്ചു; വിശദാംശം ലഭ്യമാക്കുമോ; | **(എ)** | 2016-2017, 2017-18-ലെ തെക്ക് പടിഞ്ഞാറൻ, വടക്ക് കിഴക്കൻ മൺസൂൺ കാലയളവിലും പ്രീമൺസൂൺ കാലയളവിലുമായി 74420 ഹെക്ടർ കൃഷിഭൂമിയിലായി 1256 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കുന്നു. എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട എല്ലാ കാർഷിക വിളകൾക്കും കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| **(ബി)** | കൃഷിനാശം സംഭവിച്ച കർഷകർക്ക് ഈ സർക്കാർ നാളിതുവരെ എന്തൊക്കെ സഹായ നടപടികൾ നല്കുകയുണ്ടായി; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വിശദമാക്കുമോ; | **(ബി)** | പ്രകൃതിക്ഷോഭത്താൽ കൃഷിനാശം സംഭവിച്ച വിളകൾക്ക് നഷ്ടപരിഹാരമേകുന്നതിനായി സംസ്ഥാന സർക്കാർ കാലോചിതമായി പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2016-2017-ൽ 2478 കർഷകർക്ക് 159.87 ലക്ഷം രൂപയും 2017-2018-ൽ 11202 കർഷകർക്കായി 876.1798 ലക്ഷം രൂപയും വിളനാശത്തിനുള്ള നഷ്ടപരിഹാരമായി കർഷകർക്ക് നൽകിയിട്ടുണ്ട്.<br><br>ഇൻഷ്വർ ചെയ്യാത്ത വിളകൾക്ക് സംസ്ഥാന ദുരിതാശ്വാസ ഫണ്ടിൽ നിന്നും 2016-2018 കാലയളവിൽ 39.54 കോടി രൂപ വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ വിഹിതമായി 52 കോടി രൂപയും കർഷകർക്ക് നൽകിയിരുന്നു.<br><br>പ്രധാനമന്ത്രി ഫസൽ ഭീമ യോജന പദ്ധതി, |

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും കാർഷികവിളകൾക്ക് ഇൻഷ്വറൻസ് സംരക്ഷണം നടപ്പാക്കിവരുന്നുണ്ട്.

**(സി)** ഈ സർക്കാർ കാലയളവിൽ നാളിതുവരെ കൃഷിനാശം സംഭവിച്ച് ജപ്തി നടപടികൾ നേരിട്ട എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന് അറിയിക്കാമോ ;

**(ഡി)** ഇവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയെന്നും ഇതുവഴി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ ?

**(സി) & (ഡി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കൃഷിനാശം സംഭവിച്ച് ജപ്തി നടപടികൾ നേരിട്ട് കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**